പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *173

16.02.2016 ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ . തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. സി. എഫ്. തോമസ്**<br>**ശ്രീ. റ്റി. യു. കുരുവിള**<br>**ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് സയൻസ് & ടെക്നോളജി വകുപ്പു മുഖാന്തിരം നടപ്പിലാക്കി വരുന്നത്; | (എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലബോറട്ടറി സൗകര്യം ഒരുക്കികൊടുക്കുന്നതിനായി ശാസ്ത്ര പോഷിണി പദ്ധതി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പോളിടെക്നിക്, ബിരുദം എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയത്തിൽ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുന്ന സ്പൈററിസ് പദ്ധതി (പരമാവധി 15,000/-രൂപ) എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഫെബ്രുവരി 28-ന് ദേശീയ ശാസ്ത്ര ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുടനീളം സെമിനാർ, സിമ്പോസിയം, ചിത്രരചനാ മത്സരം തുടങ്ങിയവ വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്നു. പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പിലൂടെ ഡോക്ടർ ഡിഗ്രി കോഴ്സ് കഴിഞ്ഞവർക്ക് തുടർ ഗവേഷണം നടത്തുന്നതിനായി സാമ്പത്തിക സഹായം ചെയ്യുന്നു. ശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് പ്രഗത്ഭരായ കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിഭാ സ്കോളർഷിപ്പ്, ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി സാർഡ് (SARD) പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു. |
| (ബി) വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) സൃഷ്ടി എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഇതുമൂലം വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾ പരിപോഷിപ്പിക്കുന്നു. സ്കൂൾ കുട്ടികളിൽ ശാസ്ത്ര ഗ്രന്ഥ പാരായണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ